# പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി വേവ്സ് 2025 ഉദ്ഘാടനം ചെയ്തു

മെയ് 01, 2025

മുംബൈയിലെ ജിയോ വേൾഡ് സെന്ററിൽ ഇന്ന് ഇന്ത്യയുടെ പ്രഥമ വേൾഡ് ഓഡിയോ വിഷ്വൽ ആൻഡ് എന്റർടെയിൻമെന്റ് ഉച്ചകോടിയായ വേവ്സ് 2025 പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ സദസിനെ അഭിസംബോധന ചെയ്യവെ, ഇന്ന് മഹാരാഷ്ട്രാ ദിനവും, ഗുജറാത്ത് സംസ്ഥാന ദിനവും ആഘോഷിക്കുന്ന സന്ദർഭത്തിൽ അദ്ദേഹം എല്ലാവർക്കും ആശംസകൾ അറിയിച്ചു. ക്രിയേറ്റീവ് ഇൻഡസ്ട്രിയിലെ എല്ലാ അന്താരാഷ്ട്ര വിശിഷ്ട വ്യക്തികൾ, അംബാസഡർമാർ, നേതാക്കൾ എന്നിവരുടെ സാന്നിധ്യം ചൂണ്ടിക്കാട്ടിയ പ്രധാനമന്ത്രി, 100-ലധികം രാജ്യങ്ങളിലെ കലാകാരന്മാർ, നൂതനാശയ ഉപജ്ഞാതാക്കൾ, നിക്ഷേപകർ, നയരൂപകർത്താക്കൾ എന്നിവർ പ്രതിഭയുടെയും സർഗ്ഗാത്മകതയുടെയും ആഗോള ആവാസവ്യവസ്ഥയ്ക്ക് അടിത്തറയിടാൻ ഒരുമിച്ചുവെന്ന് ചൂണ്ടിക്കാട്ടി ഈ ഒത്തുചേരലിന്റെ പ്രാധാന്യം എടുത്തുപറഞ്ഞു. "വേവ്സ് എന്നത് വെറുമൊരു ചുരുക്കപ്പേരല്ല, സംസ്കാരം, സർഗ്ഗാത്മകത, യൂണിവേഴ്സൽ കണക്ടിവിറ്റി എന്നിവയെ പ്രതിനിധീകരിക്കുന്ന ഒരു തരംഗമാണ്", അദ്ദേഹം അഭിപ്രായപ്പെട്ടു, ഒപ്പം സിനിമ, സംഗീതം, ഗെയിമിംഗ്, ആനിമേഷൻ, സ്റ്റോറിടെല്ലിംഗ് എന്നിവയുടെ വിശാലമായ ലോകം പ്രദർശിപ്പിക്കുന്ന ഈ ഉച്ചകോടി കലാ പ്രതിഭകൾക്കും, ക്രിയേറ്റർമാർക്കും കണക്ട്ചെയ്യാനും സഹകരിക്കാനും ആഗോളവേദിയാണ് ഒരുക്കുന്നതെന്ന് എടുത്തുപറയുകയും ചെയ്തു. ചരിത്രപരമായ ഈ അവസരത്തിൽ പങ്കെടുത്ത എല്ലാവരെയും പ്രധാനമന്ത്രി അഭിനന്ദിച്ചു, ഇന്ത്യയിലും വിദേശത്തു നിന്നുമുള്ള വിശിഷ്ട അതിഥികൾക്ക് ഊഷ്മളമായ സ്വാഗതം അരുളുകയും ചെയ്തു.

2. വേവ്സ് ഉച്ചകോടിയിൽ ഇന്ത്യയുടെ സമ്പന്നമായ സിനിമാ ചരിത്രത്തെ പരാമർശിക്കവെ, ചലച്ചിത്ര പ്രതിഭയായ ദാദാസാഹെബ് ഫാൽക്കെ സംവിധാനം ചെയ്ത ഇന്ത്യയുടെ പ്രഥമ ഫീച്ചർ ഫിലിം രാജാ ഹരിശ്ചന്ദ്ര 1913 മെയ് 3 ന് റിലീസ് ചെയ്ത കാര്യം ശ്രീ മോദി എടുത്തുപറഞ്ഞു. ഒരു ദിവസം മുമ്പ് ഫാൽക്കെയുടെ ജന്മവാർഷികം ആഘോഷിച്ച കാര്യം അദ്ദേഹം അനുസ്മരിച്ചു. കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യൻ സിനിമ ഉണ്ടാക്കിയ സ്വാധീനം അടിവരയിട്ട അദ്ദേഹം

ഇന്ത്യയുടെ സാംസ്കാരിക സത്ത ലോകത്തിന്റെ എല്ലാ കോണുകളിലേക്കും വിജയകരമായി എത്തിച്ചിട്ടുണ്ടെന്ന് പ്രസ്താവിച്ചു. റഷ്യയിൽ രാജ് കപൂറിന് ഉണ്ടായിരുന്ന ജനപ്രീതിയും, കാൻസിൽ സത്യജിത് റേയ്ക്ക് ലഭിച്ച ആഗോള ബഹുമതിയും, ഓസ്കാർ കരസ്ഥമാക്കിയ RRR ന്റെ വിജയവും അദ്ദേഹം എടുത്തുപറഞ്ഞു, ഇന്ത്യൻ സിനിമാ നിർമ്മാതാക്കൾ ആഗോള സ്വാധീനം രൂപപ്പെടുത്തുന്നത് എങ്ങനെ എന്നത് ഊന്നിപ്പറയുകയും ചെയ്തു. ഗുരു ദത്തിന്റെ ചലച്ചിത്രകാവ്യം, ഋത്വിക് ഘട്ടക്കിന്റെ സാമൂഹിക പ്രതിഫലനം, എ. ആർ. റഹ്മാന്റെ സംഗീത പ്രതിഭ, എസ്. എസ്. രാജമൗലിയുടെ കഥാവിഷ്ക്കാരം എന്നിവയെ പ്രശംസിച്ച അദ്ദേഹം ഈ കലാകാരന്മാരിൽ ഓരോരുത്തരും ഇന്ത്യൻ സംസ്കാരത്തെ ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് പ്രേക്ഷകർക്ക് മുമ്പിൽ ജീവസ്സുറ്റതാക്കിയെന്ന് ചൂണ്ടിക്കാട്ടി. ഇൻഡസ്ട്രിക്ക് അവർ നൽകിയ സംഭാവനകൾക്ക് പ്രണാമം അർപ്പിച്ചുകൊണ്ട് ഇന്ത്യൻ ചലച്ചിത്ര ലെജന്റുകളെ അവരുടെ സ്മരണാർത്ഥമുള്ള തപാൽ സ്റ്റാമ്പുകളിലൂടെ ആദരിച്ചിട്ടുണ്ടെന്ന് ശ്രീ മോദി ചൂണ്ടിക്കാട്ടി.

3. ഇന്ത്യയുടെ സർഗ്ഗാത്മക കഴിവിന്റെയും ആഗോള സഹകരണത്തിന്റെയും പ്രാധാന്യം പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു, വർഷങ്ങളായി ഗെയിമിംഗ്, സംഗീതം, ചലച്ചിത്ര നിർമ്മാണം, അഭിനയം എന്നീ മേഖലകളിലെ പ്രൊഫഷണലുകളുമായി ഇടപഴകുകയും സർഗ്ഗാത്മക വ്യവസായങ്ങളെക്കുറിച്ചുള്ള തന്റെ ഗ്രാഹ്യം വർദ്ധിപ്പിക്കുന്ന ആശയങ്ങളും ഉൾക്കാഴ്ചകളും ചർച്ച ചെയ്യുകയും ചെയ്തുവെന്ന് അദ്ദേഹം പറഞ്ഞു.  മഹാത്മാഗാന്ധിയുടെ 150-ആം ജന്മവാർഷികത്തിൽ ഏറ്റെടുത്ത പ്രത്യേക ഉദ്യമം അദ്ദേഹം എടുത്തുപറഞ്ഞു, 500-600 വർഷങ്ങൾക്ക് മുമ്പ് നാർസിംഗ് മേഹ്ത രചിച്ച ഭക്തിഗാനം 'വൈഷ്ണവ് ജന തോ' ആലപിക്കാൻ 150 രാജ്യങ്ങളിൽ നിന്നുള്ള ഗായകർ ഒത്തുചേർന്നിരുന്നു.  ആഗോളതലത്തിൽ സംഘടിപ്പിച്ച കലാപരമായ ഈ ഉദ്യമം ഗണ്യമായ സ്വാധീനം സൃഷ്ടിച്ചുവെന്നും ലോകത്തെ ഒന്നിപ്പിച്ചുവെന്നും അദ്ദേഹം പ്രസ്താവിച്ചു.  ഉച്ചകോടിയിൽ സന്നിഹിതരായ പല വ്യക്തികളും ഹ്രസ്വ വീഡിയോ സന്ദേശങ്ങൾ സൃഷ്ടിച്ച് ഗാന്ധിയുടെ തത്വങ്ങൾക്ക് ഊന്നൽ നൽകി ഗാന്ധി നൂറ്റമ്പത് സംരംഭത്തിന് സംഭാവന നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.  അന്താരാഷ്ട്ര സഹകരണത്തോടൊപ്പം ഇന്ത്യയുടെ സർഗ്ഗാത്മക ലോകത്തിന്റെ കൂട്ടായ ശക്തി ഇതിനകം അതിന്റെ സാധ്യതകൾ

പ്രദർശിപ്പിച്ചിട്ടുണ്ടെന്നും ആ കാഴ്ചപ്പാട് ഇപ്പോൾ വേവ്സിന്റെ രൂപത്തിൽ യാഥാർത്ഥ്യമായെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

4. വേവ്സ് ഉച്ചകോടിയുടെ പ്രഥമ എഡിഷന്റെ ആവേശകരമായ വിജയത്തെ ശ്രീ മോദി പ്രശംസിച്ചു, ആദ്യ നിമിഷം മുതൽ, പരിപാടി ആഗോള ശ്രദ്ധ ആകർഷിച്ചെന്നും, അത് "ലക്ഷ്യബോധത്തോടെയാണ് മുന്നോട്ടുപോകുന്നത്" എന്നും അദ്ദേഹം വ്യക്തമാക്കി. സർഗ്ഗാത്മക വ്യവസായത്തിൽ വേവ്സിനെ ഒരു നാഴികക്കല്ലാക്കി മാറ്റിയതിൽ ഉച്ചകോടിയുടെ ഉപദേശക സമിതി വഹിച്ച പങ്ക് എടുത്തു പറഞ്ഞുകൊണ്ട്  അദ്ദേഹം അവരുടെ അർപ്പണ ബോധത്തെയും പ്രയത്നങ്ങളെയും പ്രശംസിച്ചു.  60 രാജ്യങ്ങളിലെ ഏകദേശം 100,000 ക്രിയേറ്റീവ് പ്രൊഫഷണലുകളുടെ പങ്കാളിത്തത്തിന് സാക്ഷ്യം വഹിച്ച വൻ  തോതിലുള്ള ക്രിയേറ്റേഴ്സ് ചാലഞ്ച് ആന്റ് ക്രിയേറ്റോസ്ഫിയർ ഉദ്യമം അദ്ദേഹം എടുത്തുപറഞ്ഞു.  32 ചാലഞ്ചുകളിൽ നിന്ന് 800 ഫൈനലിസ്റ്റുകളെ തിരഞ്ഞെടുത്തെന്ന് അറിയിച്ച അദ്ദേഹം അവരുടെ കഴിവുകളെ അംഗീകരിക്കുകയും അവരുടെ നേട്ടത്തിൽ അഭിനന്ദനം അറിയിക്കുകയും ചെയ്തു.  ആഗോള സർഗ്ഗാത്മക സ്റ്റേജിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിക്കാൻ അവർക്ക് ഇപ്പോൾ അവസരമുണ്ടെന്ന് പ്രസ്താവിച്ചുകൊണ്ട് ഫൈനലിസ്റ്റുകളെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

5. വേവ്സ് ഉച്ചകോടിക്കിടെ ഭാരത് പവലിയനിൽ പ്രദർശിപ്പിച്ച സൃഷ്ടിപരമായ വികസനങ്ങളിൽ പ്രധാനമന്ത്രി ഉത്സാഹം പ്രകടിപ്പിച്ചു. ഗണ്യമായ നവീകരണം കൈവരിച്ചതായി അഭിപ്രായപ്പെട്ട അദ്ദേഹം ഈ സൃഷ്ടികൾ നേരിട്ട് കാണണമെന്ന ആഗ്രഹം പങ്കുവെക്കുകയും ചെയ്തു. പുതിയ സ്രഷ്ടാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും വളർന്നുവരുന്ന വിപണികളുമായി അവരെ കൂട്ടിയിണക്കുന്നതിനും വേവ്സ് ബസാർ സംരംഭം നൽകുന്ന സാധ്യതകളെക്കുറിച്ച് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. കലാ വ്യവസായത്തിൽ വാങ്ങുന്നവരെയും വിൽക്കുന്നവരെയും തമ്മിൽ ബന്ധിപ്പിക്കുന്ന ആശയത്തെ അദ്ദേഹം പ്രശംസിച്ചു, ഇത്തരം സംരംഭങ്ങൾ സർഗ്ഗാത്മക സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും കലാകാരന്മാർക്ക് പുതിയ അവസരങ്ങൾ നൽകുകയും ചെയ്യുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

6. സർഗ്ഗാത്മകതയും മനുഷ്യരുടെ അനുഭവങ്ങളും തമ്മിലുള്ള ആഴത്തിൽ വേരൂന്നിയ ബന്ധം പ്രതിഫലിപ്പിച്ചുകൊണ്ട്, ഒരു കുട്ടിയുടെ പ്രയാണം അമ്മയുടെ താരാട്ടിലാണ് ആരംഭിക്കുന്നതെന്നും, ശബ്ദവും സംഗീതവും അവർക്ക് അങ്ങനെയാണ് പരിചിതമാകുന്നതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി, ഒരു കുട്ടിയുടെ സ്വപ്നങ്ങൾ അമ്മ രൂപപ്പെടുത്തുന്നതുപോലെ, പ്രൊഫഷണലുകളാണ് ഒരു കാലഘട്ടത്തിന്റെ സ്വപ്നങ്ങൾ രൂപപ്പെടുത്തുന്നതെന്ന് ശ്രീ. മോദി പറഞ്ഞു. കലയിലൂടെ തലമുറകളെ പ്രചോദിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന ഇത്തരം ദാർശനിക വ്യക്തികളെ ഒരുമിച്ച് കൊണ്ടുവരുന്നതിലാണ് വേവ്സിന്റെ സത്ത എന്നും അദ്ദേഹം എടുത്തുപറഞ്ഞു.

7. കലാകാരന്മാർ, സ്രഷ്ടാക്കൾ, വ്യവസായപ്രമുഖർ എന്നിവരുടെ അർപ്പണബോധം വരുംവർഷങ്ങളിൽ വേവ്സിനെ പുതിയ ഉയരങ്ങളിലേക്കു കൊണ്ടുപോകുമെന്ന് പറഞ്ഞ അദ്ദേഹം, കൂട്ടായ പരിശ്രമത്തിലുള്ള വിശ്വാസം ആവർത്തിച്ചുറപ്പിച്ചു. ഉച്ചകോടിയുടെ ആദ്യ പതിപ്പിനെ വിജയകരമാക്കിയ അതേ പിന്തുണയും കൈത്താങ്ങും തുടരണമെന്നും ശ്രീ. മോദി വ്യവസായപ്രമുഖരോട് ആവശ്യപ്പെട്ടു.  നിരവധി ആകർഷകമായ തരംഗങ്ങൾ ഇനിയും ഉണ്ടാകുമെന്ന് പറഞ്ഞ അദ്ദേഹം  ഭാവിയിൽ വേവ്സ് അവാർഡുകൾ ഏർപ്പെടുത്തുമെന്നും കലയുടെയും സർഗ്ഗാത്മകതയുടെയും ലോകത്തിൽ അത് ഏറ്റവും അഭിമാനകരമായ ബഹുമതികളായി മാറുമെന്നും പ്രഖ്യാപിച്ചു.  സർഗ്ഗാത്മകതയിലൂടെ ലോകമെമ്പാടുമുള്ള ജനങ്ങളുടെ ഹൃദയം കവരുകയും തലമുറകളെ പ്രചോദിപ്പിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യമെന്ന് വ്യക്തമാക്കിയ അദ്ദേഹം അചഞ്ചലമായ പ്രതിബദ്ധതയുടെ ആവശ്യം ഊന്നിപ്പറഞ്ഞു.

8. ഇന്ത്യയുടെ ദ്രുതഗതിയിലുള്ള സാമ്പത്തിക പുരോഗതി ഉയർത്തിക്കാട്ടി, ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുന്നതിനുള്ള പാതയിലാണെന്നും, ആഗോള ഫിൻടെക് അഡോപ്ഷനിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണെന്നും രണ്ടാമത്തെ വലിയ മൊബൈൽ നിർമ്മാതാവാണെന്നും ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ആണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ഒരു വികസിത രാജ്യമാകാനുള്ള ഇന്ത്യയുടെ യാത്ര ആരംഭിച്ചതേയുള്ളെന്നും കൂടുതൽ വാഗ്ദാനം ചെയ്യാനുണ്ടെന്നും അദ്ദേഹം എടുത്തുപറഞ്ഞു.

ഇന്ത്യ  ശതകോടിയിൽ പരം ജനസംഖ്യയുള്ള ഒരു രാജ്യം മാത്രമല്ല, ശതകോടിയിൽ പരം ജീവിത കഥകളുള്ള നാട് കൂടിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാജ്യത്തിന്റെ സമ്പന്നമായ കലാചരിത്രത്തെക്കുറിച്ച് പരാമർശിക്കവെ, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഭരത മുനിയുടെ നാട്യ ശാസ്ത്രം വികാരങ്ങളും മാനുഷിക അനുഭവങ്ങളും രൂപപ്പെടുത്തുന്നതിൽ കലയുടെ ശക്തിക്ക് ഊന്നൽ നൽകിയിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നൂറ്റാണ്ടുകൾക്ക് മുമ്പ് കാളിദാസന്റെ അഭിജ്ഞാന-ശാകുന്തളം ശാസ്ത്രീയ നാടകത്തിൽ ഒരു പുതിയ ദിശ അവതരിപ്പിച്ചെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ആഴത്തിലുള്ള സാംസ്കാരിക വേരുകളെക്കുറിച്ച് ഊന്നിപ്പറയവെ, ഓരോ തെരുവിനും ഒരു കഥയുണ്ടെന്നും ഓരോ പർവതത്തിനും ഒരു ഗാനം ഉണ്ടെന്നും ഓരോ നദിയും ഒരു ഈണം മൂളുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയുടെ ആറ് ലക്ഷം ഗ്രാമങ്ങളിൽ ഓരോന്നിനും സ്വന്തം നാടോടി പാരമ്പര്യവും, തനതായ കഥപറയൽ ശൈലികളും ഉണ്ടെന്നും നാടോടിപ്പാട്ടുകളിലൂടെ തങ്ങളുടേതായ ചരിത്രം സംരക്ഷിക്കുന്ന സമൂഹങ്ങൾ ഉണ്ടെന്നും അദ്ദേഹം പറഞ്ഞു. ഭജന, ഗസലുകൾ, ശാസ്ത്രീയ സംഗീതം അല്ലെങ്കിൽ സമകാലിക ഈണങ്ങൾ എന്നിവയുടെ ആദ്ധ്യാത്മിക പ്രസക്തി എടുത്തു പറയവെ, ഓരോ മെലഡിക്കും ഓരോ കഥയും, ഓരോ താളത്തിനും ആത്മാവും ഉണ്ടെന്ന് അദ്ദേഹം എടുത്തുകാട്ടി.

9. വേവ്സ് ഉച്ചകോടിയിൽ ഇന്ത്യയുടെ ആഴത്തിൽ വേരൂന്നിയ കലാപരവും ആത്മീയവുമായ പൈതൃകത്തെ ഉയർത്തിക്കാട്ടവെ, ദിവ്യ നാദമായ നാദബ്രഹ്മം എന്ന ആശയം ശ്രീ മോദി അടിവരയിട്ടു പറഞ്ഞു. ഭാരതീയ പുരാണങ്ങൾ സംഗീതത്തിലൂടെയും നൃത്തത്തിലൂടെയും എല്ലാ കാലത്തും ദൈവീകതയെ പ്രതിഫലിപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു, പരമശിവന്റെ ഡമരുവിനെ പ്രപഞ്ചത്തിലെ ആദ്യ നാദമായും സരസ്വതി ദേവിയുടെ വീണയെ ജ്ഞാനത്തിന്റെ താളമായും ശ്രീകൃഷ്ണന്റെ ഓടക്കുഴലിനെ സ്നേഹത്തിന്റെ ശാശ്വത സന്ദേശമായും മഹാവിഷ്ണുവിന്റെ ശംഖിനെ ആശാവഹമായ ഉണർവ്വിനായുള്ള ആഹ്വാനമായും അദ്ദേഹം ഉദ്ധരിച്ചു. ഉച്ചകോടിയിലെ സാംസ്കാരിക അവതരണവും ഈ സമ്പന്നമായ പൈതൃകത്തെ പ്രതിഫലിപ്പിക്കുമെന്ന് അദ്ദേഹം എടുത്തു പറഞ്ഞു. "ഇതാണ് ശരിയായ സമയം" എന്ന് പ്രഖ്യാപിച്ചുകൊണ്ട്, ഇന്ത്യയിൽ സൃഷ്ടിക്കുക, ലോകത്തിനായി സൃഷ്ടിക്കുക എന്ന ഇന്ത്യയുടെ ദർശനം പ്രധാനമന്ത്രി ആവർത്തിച്ചു, രാജ്യത്തിന്റെ ചരിത്രം കഥകളിലൂടെ പറയുന്ന പാരമ്പര്യം

ആയിരക്കണക്കിന് വർഷങ്ങളായി തുടർന്നുവരുന്ന വിലമതിക്കാനാവാത്ത ഒരു നിധിയാണെന്നും അദ്ദേഹം സമർത്ഥിച്ചു. ഇന്ത്യയുടെ കഥകൾ സാംസ്കാരിക തീമുകൾ മാത്രമല്ല, ശാസ്ത്രം, കായികം, ധൈര്യം, ധീരത എന്നിവ ഉൾക്കൊള്ളുന്ന കാലാതീതവും ചിന്തോദ്ദീപകവും, തികച്ചും ആഗോളവുമാണെന്ന് അദ്ദേഹം എടുത്തുപറഞ്ഞു. ഇന്ത്യയുടെ കഥാഖ്യാന സമ്പ്രദായം ശാസ്ത്രത്തെ കൽപ്പിതകഥകളുമായും വീരത്വത്തെ നൂതനാശയങ്ങളുമായും സംയോജിപ്പിച്ച് വിശാലവും വൈവിധ്യപൂർണ്ണവുമായ സർഗ്ഗാത്മക ആവാസവ്യവസ്ഥയെ രൂപപ്പെടുത്തുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ അസാധാരണമായ കഥകൾ ലോകവുമായി പങ്കുവെക്കുന്നതിനും, പുതിയതും ആകർഷകവുമായ രീതികളിലൂടെ ഭാവി തലമുറകളിലേക്ക് അവ എത്തിക്കുന്നതിനുമുള്ള ഉത്തരവാദിത്തം ഏറ്റെടുക്കാൻ അദ്ദേഹം വേവ്സ് സംവിധാനത്തിനോട് ആഹ്വാനം ചെയ്തു.

10. ജനങ്ങളുടെ പത്മ അവാർഡുകളും വേവ്സ് ഉച്ചകോടിക്ക് പിന്നിലെ വീക്ഷണവും തമ്മിലുള്ള സമാനത ചൂണ്ടിക്കാട്ടവെ, ഇന്ത്യയുടെ ഓരോ കോണിൽ നിന്നും പ്രതിഭകളെ കണ്ടെത്താനും ഉയർത്താനുമാണ് രണ്ട് ഉദ്യമങ്ങളും ലക്ഷ്യമിടുന്നതെന്ന് പ്രസ്താവിച്ചുകൊണ്ട്, പത്മ അവാർഡുകൾ സ്വാതന്ത്ര്യം ലഭിച്ച് ഏതാനും വർഷം കഴിഞ്ഞപ്പോൾ ആരംഭിച്ചതെന്നും, ജനങ്ങളുടെ പത്മ പുരസ്ക്കാരം ആയി ഇന്ത്യ അതിനെ അംഗീകരിച്ചതോടെ അത് തികച്ചും പരിവർത്തനപ്പെട്ടെന്നും ഉൾനാടുകളിൽ നിന്നുപോലും രാഷ്ട്രത്തെ സേവിക്കുന്ന വ്യക്തികളെയും അംഗീകരിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ഈ മാറ്റം, കേവലമൊരു ചടങ്ങിൽ നിന്ന് അവാർഡുകളെ ദേശീയ ആഘോഷമായി മാറ്റിയെന്ന് അദ്ദേഹം പറഞ്ഞു. അതുപോലെ, സിനിമ, സംഗീതം, ആനിമേഷൻ, ഗെയിമിംഗ് എന്നിവയിലെ ഇന്ത്യയുടെ മികച്ച സർഗ്ഗ പ്രതിഭകൾക്കായി വേവ്സ് ഒരു ആഗോള വേദിയായി പ്രവർത്തിക്കുമെന്നും രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നുമുള്ള കലാകാരന്മാർക്ക് അന്താരാഷ്ട്ര തലത്തിൽ അംഗീകാരം ലഭിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

11. വൈവിധ്യമാർന്ന ആശയങ്ങളോടും സംസ്കാരങ്ങളോടും തുറന്ന സമീപനമുള്ള ഇന്ത്യയുടെ പാരമ്പര്യത്തെ അടിവരയിട്ടുകൊണ്ട്, ഒരു സംസ്കൃത വാക്യത്തെ പരാമർശിച്ചുകൊണ്ട്, ഇന്ത്യയുടെ സംസ്കാരത്തിന്റെ ഭാഗമായ തുറന്ന സമീപനം പാഴ്സികൾ, ജൂതർ

തുടങ്ങിയ സമൂഹങ്ങളെ സ്വാഗതം ചെയ്തിട്ടുണ്ടെന്ന് ശ്രീ മോദി ഊന്നിപ്പറഞ്ഞു, അവർ രാജ്യത്ത് അഭിവൃദ്ധി പ്രാപിക്കുകയും രാജ്യത്തിന്റെ സാംസ്‌കാരിക ഘടനയുടെ അവിഭാജ്യ ഘടകമായി മാറുകയും ചെയ്തു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരുടെയും പ്രതിനിധികളുടെയും സാന്നിധ്യം അദ്ദേഹം അംഗീകരിച്ചു, ഓരോ രാജ്യത്തിനും അവരുടേതായ വിജയങ്ങളും സംഭാവനകളും ഉണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ആഗോളതലത്തിൽ കലാപരമായ നേട്ടങ്ങളെ ആദരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നതിലാണ് ഇന്ത്യയുടെ ശക്തി, ക്രീയാത്മകമായ സഹകരണത്തോടുള്ള രാജ്യത്തിന്റെ പ്രതിബദ്ധതയെ ഇത് ശക്തിപ്പെടുത്തുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വ്യത്യസ്ത സംസ്കാരങ്ങളുടെയും രാജ്യങ്ങളുടെയും നേട്ടങ്ങൾ പ്രതിഫലിപ്പിക്കുന്ന ഉള്ളടക്കം സൃഷ്ടിക്കുന്നതിലൂടെ വേവ്സിന് ആഗോളതലത്തിലുള്ള ഇടപഴകലുകളുടെയും കലാപരമായ വിനിമയത്തിന്റെയും വീക്ഷണം ശക്തിപ്പെടുത്താനാകുമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

12. ആഗോള ക്രിയേറ്റീവ് സമൂഹത്തിന് പ്രധാനമന്ത്രി ക്ഷണം നൽകി, ഇന്ത്യയുടെ കഥകളുമായി ഇടപഴകുന്നത് അവരുടെ സ്വന്തം സംസ്കാരങ്ങൾക്ക് ആഴത്തിൽ പ്രതിധ്വനിക്കുന്ന വിവരണങ്ങൾ വെളിപ്പെടുത്തുമെന്ന് അവർക്ക് ഉറപ്പ് നൽകി. ഇന്ത്യയുടെ സമ്പന്നമായ കഥാഖ്യാന പാരമ്പര്യത്തിൽ അതിർത്തികൾ മറികടക്കുന്ന പ്രമേയങ്ങളും വികാരങ്ങളും ഉൾക്കൊള്ളുന്നുവെന്നും സ്വാഭാവികവും അർത്ഥപൂർണവുമായ ബന്ധം അവ സൃഷ്ടിക്കുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ കഥകൾ പര്യവേക്ഷണം ചെയ്യുന്ന അന്താരാഷ്ട്ര കലാകാരന്മാരും രചയിതാക്കളും രാജ്യത്തിന്റെ പൈതൃകവുമായുള്ള സഹജമായ ബന്ധം അനുഭവിച്ചറിയുമെന്ന് അദ്ദേഹം പറഞ്ഞു. ഈ സാംസ്കാരിക സമന്വയം ഇന്ത്യയിൽ സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടിനെ ലോകത്തിന് കൂടുതൽ ആകർഷകവും പ്രാപ്യവും ആക്കുമെന്ന് അദ്ദേഹം പറഞ്ഞു.

13. ഇന്ത്യയിൽ ഓറഞ്ച് സമ്പദ്‌വ്യവസ്ഥയുടെ ഉദയത്തിന്റെ സമയമാണിത് - ഉള്ളടക്കം, സർഗ്ഗാത്മകത, സംസ്കാരം എന്നിവയാണ് ഓറഞ്ച് സമ്പദ്‌വ്യവസ്ഥയുടെ മൂന്ന് അടിസ്ഥാനങ്ങൾ - ഇന്ത്യൻ സിനിമകൾ ഇപ്പോൾ 100 രാജ്യങ്ങളിലെ പ്രേക്ഷകരിലേക്ക് എത്തിയിട്ടുണ്ടെന്നും ആഗോള പ്രേക്ഷകർ ഇന്ത്യൻ സിനിമയെ ഉപരിപ്ലവമായ അഭിനന്ദനത്തിനപ്പുറം മനസ്സിലാക്കാൻ

ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യൻ ഉള്ളടക്കം സബ്ടൈറ്റിലുകൾ ഉപയോഗിച്ച് കാണുന്നതിനുള്ള പ്രവണത അന്താരാഷ്ട്ര പ്രേക്ഷകരിൽ വർദ്ധിച്ചുവരുന്നത് അദ്ദേഹം എടുത്തുകാണിച്ചു, ഇത് ഇന്ത്യയുടെ കഥകളുമായി കൂടുതൽ ആഴത്തിലുള്ള ഇടപെടൽ സൂചിപ്പിക്കുന്നു. ഇന്ത്യയിലെ ഒടിടി വ്യവസായം സമീപ വർഷങ്ങളിൽ പത്തിരട്ടി വളർച്ച കൈവരിച്ചിട്ടുണ്ടെന്ന് ശ്രീ മോദി ചൂണ്ടിക്കാട്ടി. സ്ക്രീനിന്റെ വലുപ്പം കുറഞ്ഞുവെങ്കിലും ഉള്ളടക്കത്തിന്റെ വ്യാപ്തി അനന്തമായെന്നും മൈക്രോ സ്ക്രീനുകൾ മെഗാ സന്ദേശങ്ങൾ നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ഭക്ഷണവിഭവങ്ങൾക്ക് ആഗോളതലത്തിൽ പ്രിയമേറുകയാണെന്ന് നിരീക്ഷിച്ച അദ്ദേഹം ഇന്ത്യൻ സംഗീതത്തിനും താമസിയാതെ സമാനമായ ആഗോളതലത്തിലുള്ള അംഗീകാരം ലഭിക്കുമെന്ന് അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

14. ഇന്ത്യയുടെ സർഗ്ഗാത്മക സമ്പദ്‌വ്യവസ്ഥയുടെ അപാരമായ സാധ്യതകൾ ഊന്നിപ്പറഞ്ഞുകൊണ്ട്, വരും വർഷങ്ങളിൽ രാജ്യത്തിന്റെ GDP യിൽ അതിന്റെ സംഭാവന ഗണ്യമായി വർധിക്കുമെന്ന് പ്രധാനമന്ത്രി പ്രസ്താവിച്ചു, "സിനിമ നിർമ്മാണം, ഡിജിറ്റൽ ഉള്ളടക്കം, ഗെയിമിംഗ്, ഫാഷൻ, സംഗീതം എന്നിവയുടെ ആഗോള കേന്ദ്രമായി ഇന്ത്യ ഉയർന്നുവരുകയാണെന്നും അദ്ദേഹം പറഞ്ഞു". ലൈവ് കോൺസെർട്ട് ഇൻഡസ്ട്രിയിലെ വളർച്ചാ അവസരങ്ങളും ആഗോള ആനിമേഷൻ വിപണിയിലെ വിപുലമായ സാധ്യതകളും അദ്ദേഹം പരാമർശിച്ചു, ഇത് നിലവിൽ 430 ബില്യൺ ഡോളറിൽ കൂടുതലാണ്, അടുത്ത ദശകത്തിൽ ഇത് ഇരട്ടിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയുടെ ആനിമേഷൻ ആന്റ് ഗ്രാഫിക്സ് ഇൻഡസ്ട്രിക്കും ഇത് ഒരു ഗണ്യമായ അവസരം നൽകുന്നുവെന്ന് പ്രധാനമന്ത്രി എടുത്തുപറഞ്ഞു, അന്താരാഷ്ട്ര തലത്തിൽ വ്യാപ്തി വർദ്ധിപ്പിക്കാൻ ഈ വിപുലീകരണം പ്രയോജനപ്പെടുത്തണമെന്ന് പങ്കാളികളോട് അദ്ദേഹം അഭ്യർത്ഥിച്ചു.

15. രാജ്യത്തിന്റെ ഓറഞ്ച് സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് നയിക്കാൻ ഇന്ത്യയുടെ യുവാക്കളെ ആഹ്വാനം ചെയ്ത പ്രധാനമന്ത്രി അവരുടെ അഭിനിവേശവും കഠിനാധ്വാനവും സർഗ്ഗാത്മകതയുടെ ഒരു പുതിയ തരംഗം രൂപപ്പെടുത്തുന്നുവെന്ന് എടുത്തു പറഞ്ഞു, ഗുവാഹത്തിയിൽ നിന്നുള്ള സംഗീതജ്ഞർ, കൊച്ചിയിൽ നിന്നുള്ള പോഡ്കാസ്റ്റർമാർ,

ബെംഗളൂരുവിലെ ഗെയിം ഡിസൈനർമാർ, അല്ലെങ്കിൽ പഞ്ചാബിലെ ചലച്ചിത്ര നിർമ്മാതാക്കൾ എന്നിവർ അവരുടെ സംഭാവനകൾ കൊണ്ട് ഇന്ത്യയുടെ വളർന്നുവരുന്ന സർഗ്ഗാത്മക മേഖലയ്ക്ക് ഊർജ്ജം പകരുന്നുണ്ടെന്ന് ശ്രീ മോദി ഊന്നിപ്പറഞ്ഞു. സ്കിൽ ഇന്ത്യ, സ്റ്റാർട്ടപ്പ് സപ്പോർട്ട്, AVGC വ്യവസായത്തിനുള്ള നയങ്ങൾ, വേവ്സ് പോലുള്ള ആഗോള വേദികൾ തുടങ്ങിയ സംരംഭങ്ങളിലൂടെ സർക്കാർ സർഗാത്മക പ്രൊഫഷണലുകൾക്ക് പിന്നിൽ ഉറച്ചുനിൽക്കുന്നുവെന്ന് അദ്ദേഹം ഉറപ്പ് നൽകി. നൂതനാശയങ്ങൾക്കും ഭാവനയ്ക്കും മതിപ്പുള്ള ഒരു അന്തരീക്ഷം നിർമ്മിക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ടെന്നും പുതിയ സ്വപ്നങ്ങൾ പരിപോഷിപ്പിക്കുകയും ആ സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാൻ വ്യക്തികളെ ശാക്തീകരിക്കുകയും ചെയ്യുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. സർഗ്ഗശേഷിയെ കോഡിംഗുമായി സമന്വയിപ്പിക്കുകയും, സോഫ്റ്റ്‌വെയറിനെ കഥാഖ്യാനവുമായി ലയിപ്പിക്കുകയും, കഥാപാത്രം, കല എന്നിവയെ വർദ്ധിത യാഥാർത്ഥ്യവുമായി ചേർക്കുകയും ചെയ്യുന്ന ഒരു സുപ്രധാന വേദിയായി വേവ്സ് പ്രവർത്തിക്കുമെന്ന് ശ്രീ മോദി എടുത്തുപറഞ്ഞു. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താനും വലിയ കാര്യങ്ങൾ സ്വപ്നം കാണാനും കാഴ്ചപ്പാടുകൾ സാക്ഷാത്കരിക്കാനുള്ള ശ്രമങ്ങൾ അർപ്പണബോധത്തോടെ ചെയ്യാനും യുവ സ്രഷ്ടാക്കളോട് അദ്ദേഹം അഭ്യർത്ഥിച്ചു.

16. ഇന്ത്യയിലെ കണ്ടന്റ് ക്രിയേറ്റർമാരിൽ തനിക്കുള്ള അചഞ്ചലമായ ആത്മവിശ്വാസം പ്രധാനമന്ത്രി പ്രകടിപ്പിച്ചു, അവരുടെ സ്വതന്ത്രമായി പ്രവഹിക്കുന്ന സർഗ്ഗശേഷി ആഗോള സർഗാത്മക മേഖലയെ പുനർനിർവചിക്കുകയാണെന്ന് അദ്ദഹം എടുത്തു പറഞ്ഞു. നവീകരണത്തെ വളരാൻ അനുവദിക്കുന്ന ഇന്ത്യയുടെ ക്രിയേറ്റർമാരുടെ യുവത്വമുള്ള ആവേശത്തിന് തടസ്സങ്ങളോ അതിരുകളോ ചാഞ്ചല്യമോ അറിയില്ലെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. യുവ ക്രിയേറ്റർമാർ, ഗെയിമർമാർ, ഡിജിറ്റൽ കലാകാരന്മാർ എന്നിവരുമായുള്ള തന്റെ വ്യക്തിപരമായ ഇടപെടലുകൾ വഴി ഇന്ത്യയുടെ സർഗസൃഷ്ടികളിൽ നിന്നും ഉരുത്തിരിയുന്ന നേരിട്ടുള്ള ഊർജ്ജത്തിനും പ്രതിഭക്കും സാക്ഷ്യം വഹിച്ചതായി അദ്ദേഹം അഭിപ്രായപ്പെട്ടു. റീൽസ്, പോഡ്കാസ്റ്റ്, ഗെയിമുകൾ മുതൽ ആനിമേഷൻ, സ്റ്റാൻഡ്-അപ്പ്, AR-VR ഫോർമാറ്റുകൾ വരെയുള്ള പുതിയ സർഗ്ഗ വിന്യാസങ്ങളെ ഇന്ത്യയുടെ വലിയ യുവജന സമൂഹം മുന്നോട്ട് നയിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ തലമുറയ്ക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത ഒരു വേദിയാണ് വേവ്സ് എന്ന്

പ്രധാനമന്ത്രി പറഞ്ഞു, അത് യുവ മനസ്സുകളെ അവരുടെ ഊർജ്ജവും കാര്യക്ഷമതയും കൊണ്ട് സർഗ്ഗ വിപ്ലവം പുനരവലോകനം ചെയ്യാനും പുനർനിർവചിക്കാനും പ്രാപ്തരാക്കുന്നു.

17. സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന 21-ാം നൂറ്റാണ്ടിലെ സർഗ്ഗാത്മക ഉത്തരവാദിത്തത്തിന്റെ പ്രാധാന്യം അടിവരയിട്ടുകൊണ്ട്, സാങ്കേതികവിദ്യ മനുഷ്യജീവിതത്തെ കൂടുതൽ സ്വാധീനിക്കുന്നതിനാൽ, വൈകാരിക സംവേദനക്ഷമതയും സാംസ്കാരിക സമ്പന്നതയും നിലനിർത്താൻ അധിക ശ്രമങ്ങൾ ആവശ്യമാണെന്ന് ശ്രീ മോദി ഊന്നിപ്പറഞ്ഞു. സർഗ്ഗസൃഷ്ടികൾക്ക് മനുഷ്യനിൽ അനുകമ്പ വളർത്താനും സാമൂഹിക അവബോധം ഗഹനമാക്കാനുമുള്ള ശക്തിയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. റോബോട്ടുകളെ സൃഷ്ടിക്കുകയല്ല, മറിച്ച് ഉയർന്ന സംവേദനക്ഷമത, വൈകാരിക ആഴം, ബൗദ്ധിക സമ്പന്നത എന്നിവയുള്ള വ്യക്തികളെ വളർത്തിയെടുക്കുക എന്നതാണ് ലക്ഷ്യമെന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു - വിവരങ്ങളുടെ അമിത പ്രവാഹത്തിൽ നിന്നോ സാങ്കേതിക വേഗതയിൽ നിന്നോ മാത്രം ഉണ്ടാകാൻ കഴിയാത്ത ഗുണങ്ങളാണിവ. കല, സംഗീതം, നൃത്തം, കഥാഖ്യാനം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ച ശ്രീ മോദി ഈ കലാരൂപങ്ങൾ ആയിരക്കണക്കിന് വർഷങ്ങളായി മനുഷ്യന്റെ സംവേദനക്ഷമതയെ സജീവമായി നിലനിർത്തിയിട്ടുണ്ടെന്ന് പറഞ്ഞു. ഈ പാരമ്പര്യങ്ങൾ ശക്തിപ്പെടുത്താനും കൂടുതൽ അനുകമ്പയുള്ള ഭാവി നിർമ്മിക്കാനും സർഗ്ഗ പ്രതിഭകളോട് അദ്ദേഹം അഭ്യർത്ഥിച്ചു. യുവതലമുറകളെ വിഭാഗീയവും ദോഷകരവുമായ പ്രത്യയശാസ്ത്രങ്ങളിൽ നിന്ന് സംരക്ഷിക്കേണ്ട ആവശ്യകതയും അദ്ദേഹം എടുത്തുപറഞ്ഞു, സാംസ്ക്കാരിക ധാർമ്മികത നിലനിർത്തുന്നതിനും പോസിറ്റീവ് മൂല്യങ്ങൾ നൽകുന്നതിനും വേവ്സിന് ഒരു പ്രധാന വേദിയായി പ്രവർത്തിക്കാൻ കഴിയുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ ഉത്തരവാദിത്തം അവഗണിക്കുന്നത് ഭാവി തലമുറകൾക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

18. സർഗ്ഗാത്മകതയുടെ ലോകത്തിൽ സാങ്കേതികവിദ്യ ഉണ്ടാക്കുന്ന പരിവർത്തന സ്വാധീനത്തിന് ഊന്നൽ നൽകിക്കൊണ്ട്, അതിന്റെ പൂർണ്ണമായ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിന് ആഗോള ഏകോപനത്തിനുള്ള പ്രാധാന്യം പ്രധാനമന്ത്രി എടുത്തു പറഞ്ഞു.

ഇന്ത്യൻ സ്രഷ്ടാക്കളെ ആഗോള കഥാകാരന്മാരുമായും ആനിമേറ്റർമാരെ ആഗോള ദർശനികരുമായും ഗെയിമർമാരെ ആഗോള ചാമ്പ്യന്മാരുമായി ബന്ധിപ്പിക്കുന്ന ഒരു പാലമായി വേവ്സ് പ്രവർത്തിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇന്ത്യയെ ഉള്ളടക്കത്തിനുള്ള തട്ടകമായി സ്വീകരിക്കാനും രാജ്യത്തിന്റെ വിശാലമായ സൃഷ്ടിപരമായ ആവാസവ്യവസ്ഥ പര്യവേക്ഷണം ചെയ്യാനും അദ്ദേഹം അന്താരാഷ്ട്ര നിക്ഷേപകരെയും സ്രഷ്ടാക്കളെയും ക്ഷണിച്ചു. ആഗോള സൃഷ്ടികർത്താക്കളെ അഭിസംബോധന ചെയ്യവെ, അവരോട് വലിയ സ്വപ്നങ്ങൾ കാണാനും അവരുടെ കഥ പറയാനും പ്രധാനമന്ത്രി അവരെ ആഹ്വാനം ചെയ്തു. വേദികളിൽ മാത്രമല്ല ആളുകളിലും നിക്ഷേപിക്കാൻ അദ്ദേഹം നിക്ഷേപകരെ പ്രോത്സാഹിപ്പിക്കുകയും ഇതുവരെ പറയാത്ത അവരുടെ ശതകോടി കഥകൾ ലോകവുമായി പങ്കിടാൻ ഇന്ത്യൻ യുവാക്കളെ ആഹ്വാനം ചെയ്യുകയും ചെയ്തു. പ്രാരംഭ വേവ്സ് ഉച്ചകോടിയിലെ എല്ലാ പങ്കാളികൾക്കും അദ്ദേഹം ആശംസകൾ നൽകി.

19. മഹാരാഷ്ട്ര ഗവർണർ സി.പി. രാധാകൃഷ്ണൻ, മുഖ്യമന്ത്രി ശ്രീ. ദേവേന്ദ്ര ഫഡ്നാവിസ്, കേന്ദ്ര മന്ത്രിമാരായ ശ്രീ. അശ്വിനി വൈഷ്ണവ്, ഡോ. എൽ. മുരുഗൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പശ്ചാത്തലം

20. "കണക്റ്റിംഗ് ക്രിയേറ്റേഴ്സ്, കണക്റ്റിംഗ് കൺട്രീസ്" എന്ന ടാഗ്‌ലൈനോടുകൂടിയ നാല് ദിവസത്തെ ഉച്ചകോടിയാണ് വേവ്സ് 2025. ലോകമെമ്പാടുമുള്ള സൃഷ്ടികർത്താക്കൾ, സ്റ്റാർട്ടപ്പുകൾ, വ്യവസായ നേതാക്കൾ, നയരൂപകർത്താക്കൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവന്ന് മാധ്യമം, വിനോദം, ഡിജിറ്റൽ നവീകരണം എന്നിവയുടെ ആഗോള കേന്ദ്രമാക്കി ഇന്ത്യയെ മാറ്റാൻ ഈ സംരംഭം ഒരുങ്ങുകയാണ്.

21. സർഗ്ഗാത്മകത, സാങ്കേതികവിദ്യ, കഴിവുകൾ എന്നിവ പ്രയോജനപ്പെടുത്തി ശോഭനമായ ഒരു ഭാവി രൂപപ്പെടുത്തുക എന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന് അനുസൃതമായി, വേവ്സ് സിനിമകൾ,

OTT, ഗെയിമിംഗ്, കോമിക്സ്, ഡിജിറ്റൽ മീഡിയ, AI, AVGC-XR, ബ്രോഡ്കാസ്റ്റിംഗ്, ഉയർന്നുവരുന്ന സാങ്കേതികത എന്നിവ ഏകോപിപ്പിക്കും, ഇത് ഇന്ത്യയുടെ മാധ്യമ, വിനോദ വൈദഗ്ധ്യത്തിന്റെ സമഗ്രമായ പ്രദർശനമായി മാറും. 2029 ആകുമ്പോഴേക്കും 50 ബില്യൺ ഡോളർ വിപണി തുറക്കാനും അതുവഴി ആഗോള വിനോദ വ്യവസായത്തിൽ ഇന്ത്യയുടെ പങ്ക് വികസിപ്പിക്കാനും വേവ്സ് ലക്ഷ്യമിടുന്നു.

22. വേവ്സ് 2025-ൽ, 25 രാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരുടെ പങ്കാളിത്തത്തോടെ ഇന്ത്യ ആദ്യമായി ഗ്ലോബൽ മീഡിയ ഡയലോഗ് (GMD) സംഘടിപ്പിക്കുന്നു, ആഗോള മാധ്യമ, വിനോദ മേഖലകളിൽ രാജ്യത്തിനുള്ള പ്രാധാന്യം അടയാളപ്പെടുത്തുന്ന ഒരു നാഴികക്കല്ലാണ് ഇത്. 6,100-ലധികം ബയേർസ്, 5,200 സെല്ലേർസ്, 2,100 പ്രോജക്ടുകൾ എന്നിവയുള്ള ആഗോള ഇ-വിപണിയായ വേവ്സ് ബസാറും ഉച്ചകോടിയിൽ അവതരിപ്പിക്കും. വാങ്ങുന്നവരെയും വിൽക്കുന്നവരെയും തമ്മിൽ പ്രാദേശികമായും ആഗോളതലത്തിലും കണക്ട് ചെയ്യുക, വിപുലമായ നെറ്റ്‌വർക്കിംഗ്, ബിസിനസ് അവസരങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഇത് ലക്ഷ്യമിടുന്നത്.

23. പ്രധാനമന്ത്രി ക്രിയേറ്റോസ്ഫിയർ സന്ദർശിച്ചു, ഏകദേശം ഒരു വർഷം മുമ്പ് ലോഞ്ച് ചെയ്ത ഇത് ഒരു ലക്ഷത്തിലധികം രജിസ്ട്രേഷനുകൾ സ്വന്തമാക്കി, 32 ക്രിയേറ്റ് ഇൻ ഇന്ത്യ ചാലഞ്ചുകളിൽ നിന്ന് തിരഞ്ഞെടുത്ത ക്രിയേറ്റർമാരുമായും അദ്ദേഹം സംവദിച്ചു. അദ്ദേഹം ഭാരത് പവിലിയൻ സന്ദർശിക്കും.

24. 10,000 ലധികം പ്രതിനിധികൾ, 1,000 ക്രിയേറ്റർമാർ, 300+ കമ്പനികൾ, 350+ സ്റ്റാർട്ടപ്പുകൾ എന്നിവയോടെ 90 ൽ പരം രാജ്യങ്ങളിൽ നിന്നുള്ള പങ്കാളിത്തത്തിന് വേവ്സ് 2025 സാക്ഷ്യം വഹിക്കും. 42 പ്ലീനറി സെഷനുകൾ, 39 ബ്രേക്കൌട്ട് സെഷനുകൾ, ബ്രോഡ്കാസ്റ്റിംഗ്, ഇൻഫോടെയിൻമെന്റ്, AVGC-XR, ഫിലിംസ്, ഡിജിറ്റൽ മീഡിയ എന്നിവ ഉൾപ്പെടെ വൈവിധ്യമാർന്ന മേഖലകളിലെ 32 മാസ്റ്റർക്ലാസുകൾ എന്നിവ ഉച്ചകോടിയിൽ അവതരിപ്പിക്കും.

മുംബൈ

മെയ് 01, 2025